"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കണ്ണൂർ ജില്ല, നാറാത്ത് പഞ്ചായത്തിലെ Pulloopi promanade River Front & Offshore Development at Pulloopi-Phase 1 എന്ന പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം.145/2025/TSM തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:-

1. 03.05.2019ലെ സ.ഉ.(കൈ) നം. 3/2019/ടൂറിസം നമ്പർ ഉത്തരവ്
2. 28.04.2021ലെ സ.ഉ.(അച്ചടി) നം.67/2021/ധന നമ്പർ ഉത്തരവ്
3. 27.04.2022ലെ സ.ഉ.(സാധാ) നം.116/2022/ടൂറിസം നമ്പർ ഉത്തരവ്
4. 21.07.2023, 21.12.2023, 05.07.2024, 10.09.2024 തീയതികളിലെ ടൂർ-എ2/160/2023-ടൂർ നമ്പർ സർക്കാർ കത്ത്.
5. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 16.05.2024, 24.06.2024,03.08.2024, 27.01.2025, 30.01.2025 തീയതികളിലെ DOT/8061/2023-P8 നമ്പർ കത്തുകൾ

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ നാറാത്ത് പഞ്ചയാത്തിലെ Pulloopi promanade River Front & Offshore Development at Pulloopi-phase 1 എന്ന പദ്ധതിക്ക്, പരാമർശം(3) പ്രകാരം ₹4,01,50,000/-(നാല് കോടി ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അധികഘടകങ്ങൾ കൂടി പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിന് അത്യന്താപേക്ഷിതമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ₹4,27,98,673/-(നാല് കോടി ഇരുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ചുവടെപ്പറയും പ്രകാരം പരിഷ്കരിച്ച ഭരണാനുമതി നൽകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം(5) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

| | |
|---|---|
| നിലവിലെ ഭരണാനുമതി തുക | ₹ 4,01,50,000/- |
| റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തിയുടെ തുക | ₹3,42,17,040/- |
| സെന്റേജ് 4.5% + ആർക്കിടെക്ട് ഫീ 1.5% | ₹ 20,53,022/- |

| | |
|---|---|
| | |
| ആകെ | ₹3,62,70,062/- |
| GST @18% | ₹65,28,611/- |
| **ആകെ തുക** | **₹4,27,98,673/-** |

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(4)ലെ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയോടുകൂടി, **കോഴിക്കോട് NIT സമർപ്പിച്ച സേഫ്റ്റി ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ലയിലെ നാറാത്ത് പഞ്ചായത്തിലെ** Pulloopi promanade River Front & Offshore Development at Pulloopi-phase 1 എന്ന പദ്ധതിക്ക് 4,27,98,673/- **(നാല് കോടി ഇരുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അറുനൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം)** രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പരിഷ്കരിച്ച ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പദ്ധതി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള നടപടികൾ അടിയന്തരമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. ഇതിനുപുറമേ, പരാമർശം(1), (2)ലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കർശനമായി പാലിക്കേണ്ടതും, പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് 5452-01-101-99-00-34-03-അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും വികസനവും നിലവാരവും ഉയർത്തലും(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതും, ആയത് ബഡ്ജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നു ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I&II) കേരളം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ(എക്സ്പെൻഡിച്ചർ-ബി) വകുപ്പ്(02.03.2025ലെ 2447638/EXP-B2/176/2023-FIN നമ്പർ അഭിപ്രായപ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
(ഫയൽ നം.ടൂർ-എ2/160/2023-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Reena P P
Date: 07-03-2025 11:45:36
സെക്ഷൻ ഓഫീസർ

പകർപ്പ്

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്